**<u>നഗരകാര്യ ഡയറക്ടറുടെ ഉത്തരവ് നടപടികൾ</u>**

നഗരകാര്യ വകുപ്പ്- ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നത്- നോഡൽ ഓഫീസറെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഡിസി1- 8945/18 തിരുവനന്തപുരം, തീയതി, 16/05/18

പരാമർശം:- 1 05/10/17 ലെ സ.ഉ (സാധാ) 3214/17/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ്.

**<u>ഉത്തരവ്</u>**

ഗവൺമെന്റ് സെക്രട്ടറിയേറ്റ്, പബ്ലിക്ക് ഓഫീസ് വികാസ്ഭവൻ, സ്വരാജ് ഭവൻ എല്ലാ വകുപ്പുകളുടെയും ഡയറക്ടറേറ്റ്/ കമ്മീഷണറേറ്റ്, ജില്ലാ കളക്ടറേറ്റുകൾ എന്നിവിടങ്ങളിൽ സർക്കാർ ഓഫീസുകളുടെ ദൈനംദിന പ്രവർത്തനത്തിന്റെ ഭാഗമായും അല്ലാതെയും നടക്കുന്ന എല്ലാത്തരം ചടങ്ങുകളിലും ഡിസ്പോസിബിൾ വസ്തുക്കൾ ഒഴിവാക്കി പുനരുപയോഗിക്കാൻ കഴിയുന്നതും പുന:ചംക്രമണത്തിന് വിധേയമാക്കുവാൻ കഴിയുന്നതുമായ വസ്തുക്കൾ മാത്രം ഉപയോഗിച്ച് നടപ്പിലാക്കുന്ന തരത്തിൽ ഗ്രീൻ പ്രോട്ടോക്കോൾ ബാധകമാക്കിക്കൊണ്ട് മേൽ പരാമർശം പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ മേൽ നോട്ടത്തിനായി ഓരോ ഓഫീസിലും ഒരു നോഡൽ ഓഫീസറെ ചുമതലപ്പെടുത്തേണ്ടതാണെന്ന് ടി ഉത്തരവിൽ നിഷ്ക്കർഷിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ നഗരകാര്യ ഡയറക്ടറേറ്റിലെ ഗ്രീൻപ്രോട്ടോക്കോൾ നടത്തിപ്പിന്റെ മേൽ നോട്ടത്തിനുള്ള നോഡൽ ഓഫീസറായി ഈ ഓഫീസിലെ സീനിയർ സൂപ്രണ്ട് ശ്രീ. വി.എസ്. മനോജിനെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)

**ബി.കെ. ബാലരാജ്**
ജോയിന്റ് ഡയറക്ടർ (ഭരണം)
നഗരകാര്യ ഡയറക്ടർ (I/C)

1) എക്സിക്യൂട്ടീവ് ഡയറക്ടർ
   ശുചിത്വമിഷൻ
2) ശ്രീ. വി.എസ്. മനോജ്
   സീനിയർ സൂപ്രണ്ട്
3) ജോയിന്റ് ഡയറക്ടർ (ഹെൽത്ത്)
   നഗരകാര്യ വകുപ്പ്

പകർപ്പ്:- ജി3 സെക്ഷൻ (സർക്കാർ ഉത്തരവിലെ നിർദ്ദേശാനുസരണം ഗ്രീൻപ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിന്
ഇ1 സെക്ഷൻ, ഡിസി1 സെക്ഷൻ, സൂപ്രണ്ട്, കരുതൽ ഫയൽ

ആജ്ഞാനുസരണം/ അയയ്ക്കുന്നത്

സൂപ്രണ്ട്

എസ്.കെ.ഒ,